(സി) 18.6.99 തീയതിയിൽ നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിനും ടെക്സ്ഫെഡിനും സ്വീകാര്യമായ വ്യവസ്ഥകൾ അനുസരിച്ച് 60 ലക്ഷം രൂപ ഉടനെ അനുവദിക്കുന്നതിന് സർക്കാർ ടെക്സ്ഫെഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന് 60 ലക്ഷം രൂപ ചില നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി നൽകാൻ സർക്കാർ ടെക്സ് ഫെഡിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ടി നിബന്ധനകൾ പാലിക്കാത്തതിനാലാണ് രൂപ മില്ലിന് നൽകാത്തത്. ആയതിനാൽ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

43 (545) വിദേശ ഏജൻസികളുടെ സഹായത്തോടെയുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ഏജൻസികളുടെ ഫണ്ട് വിനിയോഗിച്ച് സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ നൽകുന്ന നിർദ്ദേശങ്ങളിൽ കേരളത്തെ പലതിൽ നിന്നും ഒഴിവാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) ഉയർന്ന സാക്ഷരതാ ജീവിതനിലവാര വളർച്ച എന്നിവയുടെ പേരിൽ കേരളത്തെ ഇത്തരം പദ്ധതികളിൽ നിന്ന് ഒഴിവാക്കുന്നതുമൂലം സംസ്ഥാനത്തിന് കിട്ടേണ്ട സഹായങ്ങൾ നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നടത്തുന്ന പദ്ധതികൾക്കുള്ള വിദേശ ധനസഹായം നിഷേധിക്കുന്ന സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല.

(ബി) എന്നാൽ ഐ.സി.ഡി.എസ്. പദ്ധതിപ്രകാരം അംഗനവാടികളിലൂടെ വിതരണം നടത്താൻ ലോക ഭക്ഷ്യ പദ്ധതി (ഡബ്ല്യു.എഫ്.പി.) മുഖേന നല്കിയിരുന്ന ഭക്ഷണ സാധനങ്ങളുടെ അളവിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്.

44 (546) അനാഥാലയങ്ങളുടെ പ്രവർത്തനം

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇത്തരം സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly